DESPATCHED
On. 26/02/2020

13.2.20



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2425*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 17132/*എസ്.ഐ.സി–ജി 6/2019*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ.ഗോപകുമാർ എം,<br>വഞ്ചിവിള വീട്, കാരംകോട് പി.ഒ,<br>കൊല്ലം – 691 579.** | **അപ്പീൽ ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| **1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ഫയർ & റെസ്ക്യൂ സർവ്വീസസ് ഗാർഡ്സ് &<br>സിവിൽ ഡിഫൻസ് ആസ്ഥാനം,<br>ഫയർ ഫോഴ്സ് ജംഗ്ഷൻ, തിരുവനന്തപുരം – 1.<br><br>2. അപ്പീൽ അധികാരി,<br>ഫയർ & റെസ്ക്യൂ സർവ്വീസസ് ഗാർഡ്സ് &<br>സിവിൽ ഡിഫൻസ് ആസ്ഥാനം,<br>ഫയർ ഫോഴ്സ് ജംഗ്ഷൻ, തിരുവനന്തപുരം – 1.** | **എതിർകക്ഷികൾ** |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01.07.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.07.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.08.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 19.09.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.10.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 25.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 06.02.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ഗോപകുമാർ എം 24.10.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമായില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 01.07.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

i) Whether a proposal from the District Officer, Fire and Rescue, Kollam, which was sent along with letter No.A3/4566/2018 dated 24.07.2018 was received in your office?

ii) If the proposal was received in your office, inform the file No. and action taken upon the said proposal.

iii) Provide me attested copy of all Current file pages and Note file pages of the said file. It is also requested to inform him the expenses in this regard and that he is ready to meet the same.

3. രണ്ടാം എതിർകക്ഷി 11.12.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 01.07.2019 ന് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് 27.07.2019 ൽ മറുപടി നൽകിയെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ലഭിക്കുന്നതിനായി 62/- രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി രസീത് നൽകുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ തുക ഒടുക്കാതെയാണ് 27.08.2019 ൽ അപ്പീൽ സമർപ്പിച്ചത്. ടി അപ്പീലിന്മേൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി ശരിവച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കി എന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 06.02.2020 തീയതി കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച 06.02.2020 ലെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾക്കായി ഫീസ് ഒടുക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഒടുക്കാതെയാണ് അപ്പീൽ സമർപ്പിച്ചതെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. നിശ്ചിത സമയപരിധിക്കകം വിവരം ലഭ്യമായില്ലായെന്നും കമ്മീഷനിൽ നിന്നും നിർദ്ദേശം നൽകിയപ്പോഴാണ് മറുപടി ലഭ്യമായതെന്നും അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി. അപ്പീൽ ഹർജിക്കാരന് മറുപടി നൽകിയതിന്റെ തെളിവായി ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് എതിർകക്ഷി ഹാജരാക്കുകയുണ്ടായി. എതിർകക്ഷികൾ സമയബന്ധിതമായി മറുപടി നൽകിയതായി കമ്മീഷൻ കാണുന്നു. ടി സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരന് രേഖകൾ ആവശ്യമുള്ളപക്ഷം നിശ്ചിത ഫീസ് ഒടുക്കി രേഖകൾ കൈപ്പറ്റാവുന്നതാണെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 13–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN